പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 162 **26-10-2026-ൽ മറുപടിയ്ക്ക്**

നിർമ്മലം – പുതുയുഗ ശുചിത്വ കേരളം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എഫ്. രാജ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) 2031 മാർച്ച് 31 നകം സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിടുന്ന നിർമ്മലം - പുതുയുഗ ശുചിത്വ കേരളം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

മറുപടി: 2031 മാർച്ച് 31-നകം കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2026 ഒക്ടോബർ 2-ന് ആരംഭിച്ച സമഗ്ര ക്യാമ്പയിനാണ് 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം'. ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വികേന്ദ്രീകൃതവും കേന്ദ്രീകൃതവുമായ മാലിന്യപരിപാലന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, മാലിന്യത്തെ വിഭവമാക്കി മാറ്റി പുനരുപയോഗവും പുനഃചംക്രമണവും പ്രോത്സാഹിപ്പിക്കുക, മാലിന്യപരിപാലന മേഖലയിൽ നിക്ഷേപവും സംരംഭകത്വവും വർധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഇതിന്റെ ഭാഗമായി ജൈവ-അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ ശേഖരണവും സംസ്കരണവും, സാനിറ്ററി മാലിന്യം, സി&ഡി മാലിന്യം, ഇ-മാലിന്യം എന്നിവയുടെ സംസ്കരണ സംവിധാനങ്ങളുടെ വികസനം, ആർ.ഡി.എഫ്., സി.ബി.ജി., വേസ്റ്റ്-ടു-എനർജി പദ്ധതികൾ, ബയോമൈനിങ്, ഡിജിറ്റൽ നിരീക്ഷണം, ശുചിത്വ ഗ്രേഡിങ്, നിയമനടപടികൾ എന്നിവ നടപ്പിലാക്കും. മൂന്ന് ഘട്ടങ്ങളിലായി പദ്ധതി പൂർത്തിയാക്കി സംസ്ഥാനത്തുടനീളം ശാസ്ത്രീയ മാലിന്യപരിപാലനവും സുസ്ഥിര ശുചിത്വവും ഉറപ്പാക്കുകയാണ് ലക്ഷ്യം.

(ബി) സംസ്ഥാനത്തെ 20,999 വാർഡുകളിൽ ഓരോ സ്ഥലം വീതം മാതൃകാപരമായി ശുചീകരിച്ച ഇടങ്ങളാക്കുവാനും മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ 20,999 വാർഡുകളിൽ ഓരോന്നിലും മാതൃകാപരമായ മാലിന്യമുക്ത ഇടങ്ങൾ സൃഷ്ടിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാതൃകാ മാലിന്യപരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി IC 100 Challenge ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മാലിന്യം നിക്ഷേപിക്കാൻ സാധ്യതയുള്ളതോ നിലവിൽ മാലിന്യം കൂന്പുകൂടിയതോ ആയ സ്ഥലങ്ങൾ (Garbage Vulnerable Points – GVPs) ശുചീകരിച്ച് തുടർച്ചയായി 100 ദിവസത്തേക്ക് മാലിന്യമുക്തമായി നിലനിർത്തുകയും തുടർപരിപാലനം ഉറപ്പാക്കുകയും ചെയ്യുന്നു.

ഇതിലൂടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സുസ്ഥിരമായ മാതൃകാ ശുചിത്വ ഇടങ്ങൾ (Clean & Sustainable Points) സൃഷ്ടിക്കുകയാണ് ലക്ഷ്യം.

(സി) 02.10.2026 മുതൽ 31.03.2031 വരെയുള്ള കാലയളവിൽ മൂന്ന് ഘട്ടങ്ങളായാണോ പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയുടെ ഏകോപനം ശുചിത്വ മിഷനാണോ നിർവഹിക്കുന്നതെന്നും വിശദമാക്കാമോ?

<u>മറുപടി:</u> അതെ. 2026 ഒക്ടോബർ 2 മുതൽ 2031 മാർച്ച് 31 വരെ മൂന്ന് ഘട്ടങ്ങളിലായാണ് 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ ജൈവമാലിന്യ സംസ്കരണവും അജൈവമാലിന്യ ശേഖരണവും ശക്തിപ്പെടുത്തുന്നതിനും തുടർന്നുള്ള മധ്യകാല, ദീർഘകാല ഘട്ടങ്ങളിൽ അജൈവ, സാനിറ്ററി, ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയ ശേഖരണവും സംസ്കരണവും പുനഃചംക്രമണവും ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിലാണ് ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ഇതിന് ആവശ്യമായ സാങ്കേതിക സഹായം ശുചിത്വ മിഷൻ നൽകുന്നു. പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, കുടുംബശ്രീ, കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP), ഐ.കെ.എം., ഇംപാക്ട് കേരളം തുടങ്ങിയ സ്ഥാപനങ്ങളും ക്യാമ്പയിനിൽ പങ്കാളികളാണ്.

സെക്ഷൻ ഓഫീസർ